<u>പതിമൂന്നാം കേരള നിയമസഭ</u>
<u>ഒന്നാം സമ്മേളനം</u>

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം<br>നം. T 1777 | 14.7.2011-ൽ മറുപടിക്ക് |
|---|---|

<u>ഭക്ഷ്യ വസ്തുക്കളിൽ മായം ചേർക്കുന്നത് തടയാൻ സംവിധാനം</u>

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. രാധാകൃഷ്ണൻ | ശ്രീ. അടൂർ പ്രകാശ്<br>(ആരോഗ്യവും കയറും വകുപ്പ് മന്ത്രി) |
| എ) ഭക്ഷ്യ വസ്തുക്കളിൽ മായം ചേർക്കുന്നത് തടയാൻ നിലവിലുള്ള മാർഗ്ഗങ്ങളെന്തെല്ലാമാണെന്ന് വിശദമാക്കാമോ; | എ) ഭക്ഷ്യ വസ്തുക്കളുടെ മാലിന്യ തോത് നിർണ്ണയിക്കാൻ ഫുഡ് സേഫ്റ്റി കമ്മീഷണറേറ്റിന്റെ കീഴിൽ തിരുവനന്തപുരത്ത് ചീഫ് ഗവൺമെന്റ് അനലിസ്റ്റ് ലാബും എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ റീജിയണൽ ലാബുകളും പ്രവർത്തിക്കുന്നുണ്ട്. |
| ബി) മായം ചേർത്തതാണെന്ന് സംശയിച്ച് പിടിച്ചെടുത്ത ഭക്ഷ്യ വസ്തുക്കൾ ലാബിൽ നിന്നും പരിശോധിച്ചു വരുന്നതിലുണ്ടാകുന്ന കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ബി) 1955 -ലെ പ്രിവൻഷൻ ഓഫ് ഫുഡ് അഡൽറ്ററേഷൻ റൂൾ 7(3) പ്രകാരം പബ്ലിക് അനലിസ്റ്റ് പരിശോധന റിപ്പോർട്ട് 40 ദിവസത്തിനകം ലോക്കൽ (ഹെൽത്ത്) അതോറിറ്റിക്ക് നൽകേണ്ടതാണ്. പ്രിവൻഷൻ ഓഫ് ഫുഡ് അഡൽറ്ററേഷൻ ആക്ട് പ്രകാരം പരിശോധനയ്ക്ക് ലഭിക്കുന്ന എല്ലാ സാമ്പിളുകളും പ്രസ്തുത സമയ പരിധിക്കുള്ളിൽ പരിശോധിച്ച് റിസൾട്ട് നൽകുന്നുണ്ട്. |
| സി) എങ്കിൽ കാലതാമസത്തിനുള്ള കാരണങ്ങൾ വ്യക്തമാക്കാമോ: | സി) ചോദ്യം ഉദിക്കുന്നില്ല |
| ഡി) ഇപ്രകാരം പരിശോധനാ റിപ്പോർട്ട് ലഭിക്കുന്നതിലുള്ള കാല താമസം കേസ്സുകൾ കാര്യക്ഷമമായി കൈകാര്യം ചെയ്യുന്നതിൽ തടസ്സമുണ്ടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ഡി) പരിശോധനാ റിപ്പോർട്ടിൽ കാലതാമസം ഉണ്ടാകുകയോ അത് കേസുകളുടെ നടത്തിപ്പിനെ ബാധിക്കുകയോ ചെയ്തിട്ടില്ല. |
| ഇ) ഈ സാഹചര്യത്തിൽ ഭക്ഷ്യ-പൊതു വിതരണ വകുപ്പിനു കീഴിൽ തന്നെ ഇത് സംബന്ധിച്ച പരിശോധനാ സംവിധാനം നടപ്പിലാക്കുന്ന കാര്യം ആലോചിക്കുമോ? | ഇ) ഇപ്പോൾ ആലോചനയിൽ ഇല്ല |

സെക്ഷൻ ഓഫീസർ